മലയാള മനോരമ
29 April 2018



ഡോ. ഇ.ജി. സൈലാസ്

# ഡോ. ഇ.ജി. സൈലാസ് അന്തരിച്ചു

കൊച്ചി • പ്രമുഖ ഫിഷറീസ് ശാസ്ത്രജ്ഞനും കേരള കാർഷിക സർവകലാശാല മുൻ വൈസ് ചാൻസലറുമായ ചിലവന്നൂർ അമ്പാടിറിട്രീറ്റ്ശാരദാനിവാസിൽ ഡോ ഇ.ജി. സൈലാസ് (90) അന്തരിച്ചു. കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ), ചെന്നൈ കേന്ദ്ര ഓരുജലകൃഷി ഗവേഷണ സ്ഥാപനം (സിബ) എന്നിവയുടെ ഡയറക്ടറായും സമുദ്രോൽപന്ന കയറ്റുമതി വികസന അതോറിറ്റി (എംപിഇഡിഎ) ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

സാലിം അലി സെന്റർ ഫോർ ഓർണിതോളജി ആൻഡ് നാചറൽ ഹിസ്റ്ററിയുടെ സ്ഥാപക ചെയർമാൻ, ആൻഡമാനിലെ സെൻട്രൽ അഗ്രികൾച്ചർ റിസർച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള സ്പെഷൽ ഓഫിസർ, രാജീവ് ഗാന്ധി ജലകൃഷി കേന്ദ്രത്തിന്റെ ശാസ്ത്ര ഉപദേശക സമിതി ചെയർമാൻ, സെൻട്രൽ മറൈൻ ലിവിങ് റിസോഴ്സസ് ആൻഡ് ഇക്കോളജിയുടെ ശാസ്ത്ര ഉപദേശക സമിതി ചെയർമാൻ തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്.

സിഎംഎഫ്ആർഐ ഡയറക്ടറായിരിക്കെ സ്ഥാപിച്ച സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ മാരികൾച്ചർ ആണ് രാജ്യത്തെ സമുദ്രകൃഷി, ഗവേഷണ മേഖലകളിൽ വലിയ മുന്നേറ്റത്തിനു വഴിയൊരുക്കിയത്. മുന്നൂറോളം ശാസ്ത്രപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമുദ്രമത്സ്യ മേഖലയുമായി ബന്ധപ്പെട്ട നിരവധി നയരൂപീകരണ സമിതികളിലും അക്കാദമിക-ഗവേഷണ സമിതികളിലും അംഗമായിരുന്നു.

ഭാര്യ: ശാരദ സൈലാസ്. മക്കൾ: ഡോ. ഗീത സൈലാസ്, രമേശ് സൈലാസ്, ഡോ. അരുൺ സൈലാസ്. മരുമകൾ: എമി. സംസ്കാര ശുശ്രൂഷ നാളെ നാലിന് ബ്രോഡ്‌വേ സിഎസ്ഐ ഇമ്മാനുവൽ കത്തീഡ്രലിൽ നടക്കും. തുടർന്നു സംസ്കാരം കച്ചേരിപ്പടി സെമിത്തേരിമുക്കിലെ സിഎസ്ഐ സെമിത്തേരിയിൽ.